## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **20-06-2024 - ൽ മറുപടിയ്ക്ക്**

### വിള ഇൻഷുറൻസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിള ഇൻഷുറൻസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; ഈ പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷുറൻസ് ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | **1995 മുതൽ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു. 22.03.2017-ലെ സ.ഉ.(എം.എസ്)നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി നഷ്ടപരിഹാര തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) പദ്ധതി മുഖേന ഇൻഷുറൻസ് പരിരക്ഷയും പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷി നാശത്തിനു നഷ്ടപരിഹാരവും നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, കടലാക്രമണം, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടേയും കീടരോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വിളകളെ കൂടി ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ്** |

| | | | |
|---|---|---|---|
| | | | **നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. പദ്ധതി പൂർണമായും ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്.** |
| (ബി) | കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിയാണോ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കൊടുംകാറ്റ്, ചുഴലിക്കാറ്റ്, ഇടിമിന്നൽ തുടങ്ങിയ കാലാവസ്ഥ വ്യതിയാനങ്ങൾക്കും, കാട്ടുതീ, കടലാക്രമണം, വന്യജീവി ആക്രമണം എന്നിവ മൂലവും വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന സംരക്ഷണം ലഭിക്കുന്നത്. ഇതു കൂടാതെ കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും സംസ്ഥാനത്തു നടപ്പിലാക്കുന്നുണ്ട്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം വിള ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം എത്ര കർഷകർക്കാണ് ആനുകൂല്യം ലഭ്യമാക്കിയത്; | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 7206 കർഷകർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പദ്ധതി ഓൺലൈനായി **www.aims.kerala.gov.in** എന്ന വെബ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രകൃതി ക്ഷോഭം മൂലം നാശനഷ്ടം ഉണ്ടായാൽ 15 ദിവസത്തിനകം കർഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ സ്ഥല പരിശോധന നടത്തി അർഹമായ ആനുകൂല്യം തിട്ടപ്പെടുത്തി അതതു ഉദ്യോഗസ്ഥ തലത്തിൽ അംഗീകരിക്കുകയും centralised direct benefit transfer ആയി തുക നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ